**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 739** **28-06-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളിലെ സ്ഥിരാംഗങ്ങളായവർക്ക് ചികിത്സാ ധനസഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ** | | **ശ്രീ. വി.എൻ വാസവൻ**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ സംഘങ്ങളിലെ സ്ഥിരാംഗങ്ങളായവർക്ക് (ഷെയർ ഹോൾഡേഴ്സ്) ചികിത്സാ ധനസഹായങ്ങൾ ലഭിക്കുന്ന പദ്ധതികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | രണ്ട് പദ്ധതികൾ നിലവിലുണ്ട്;<br><br>**I)അംഗസമാശ്വാസപദ്ധതി.**<br><br>അർബുദം, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയ, വൃക്ക രോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായവർ, ഗുരുതര കരൾ രോഗം ബാധിച്ചവർ(ലിവർ സിറോസിസ്) ഗുരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ (ബൈപ്പാസ്/ ഓപ്പൺ ഹാർട്ട് സർജറി) പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി ബാധിതർ, അപകടത്തിൽപെട്ട് ശയ്യാവലംബരായവർ എന്നിവർക്കും മാതാപിതാക്കൾ മരിച്ചു പോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാവാത്ത കുട്ടികൾ എന്നിവർക്കുമാണ് സഹകരണ അംഗസമാശ്വാസനിധി പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്. ധനസഹായത്തിനു അപേക്ഷ സമർപ്പിക്കുന്ന വ്യക്തി ടി സംഘത്തിലെ എ ക്ലാസ്സ് അംഗമായിരിക്കണം.<br><br>**II)സഹകരണ നവരത്നം കേരളീയം - അശരണരായ സഹകാരികൾക്കുള്ള ആശ്വാസഫണ്ട്**<br><br>ടി പദ്ധതി പ്രകാരം സഹകരണ രംഗത്ത് സർക്കിൾ (താലൂക്ക്)/ജില്ല/സംസ്ഥാന തലത്തിൽ ഏതിലെങ്കിലും സഹകരണ മേഖലയുടെ പുരോഗതിക്കു വേണ്ടി വളരെ കാലമായി പ്രവർത്തിച്ചവരോ, പ്രവർത്തിച്ചു കൊണ്ടിരിക്കുന്നവരോ ആയവരും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ ഉൾപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണസമിതിയിൽ രണ്ട് തവണയെങ്കിലും അംഗമായിരിക്കുകയും ഇപ്പോൾ അവശത അനുഭവിക്കുകയും ചെയ്യുന്നവരും, വാർഷിക വരുമാനം |

| | | | |
|---|---|---|---|
| | | | 3,00,000/- രൂപയിൽ (മൂന്ന് ലക്ഷം) താഴെയുള്ള ടി സഹകാരികൾക്ക് ചികിത്സയ്ക്കായി പരമാവധി 50,000/-രൂപയും സഹകാരികൾ മരണപ്പെട്ടാൽ കുടുംബാംഗങ്ങൾക്ക്/ആശ്രിതർക്ക് പരമാവധി 25,000/- രൂപയും ധനസഹായം ലഭിക്കുന്നതാണ്. |
| (ബി) | എങ്കിൽ എത്ര പേർക്ക് നാളിതുവരെ ധനസഹായം ലഭ്യമാക്കിയിട്ടുണ്ടെന്നും ഇനിയും തീർപ്പാക്കാനുള്ള അപേക്ഷകൾ എത്രയെന്നും വിശദമാക്കാമോ? | (ബി) | 26-11-2021 വരെ അംഗ സമാശ്വാസ ധനസഹായത്തിനായി ലഭിച്ചിട്ടുള്ള 22,254 അപേക്ഷകർക്ക് 46,87,60,000/-രൂപ വിതരണം നടത്തിയിട്ടുണ്ട്. 26-11-2021 ന് ശേഷം നാളിതുവരെ ലഭ്യമായിട്ടുള്ള 10,978 അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാനുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ നവരത്നം കേരളീയം - അശരണരായ സഹകാരികൾക്കുള്ള ആശ്വാസഫണ്ട് പദ്ധതി പ്രകാരം 26 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. മേൽ പദ്ധതി പ്രകാരം ലഭ്യമായ അപേക്ഷകളിൽ 178 എണ്ണം തീർപ്പാക്കാൻ ബാക്കിനിൽപ്പുണ്ട്. |

സെക്ഷൻ ഓഫീസർ